മിസ്റ്റർ കെ. കെ. വിശ്വനാഥൻ: പച്ചരി സഹകരണ സംഘങ്ങൾക്ക് മാത്രം കൊടുക്കുകയും, സ്വകാര്യ കച്ചവടക്കാർക്ക് പുഴുക്കലരി കൊടുക്കുകയും ചെയ്യുന്നതായിട്ട് ബഹുമാനപ്പെട്ട ഗവൺമെണ്ടിന്നറിയാമൊ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: ഇല്ല.

മിസ്റ്റർ സി. യു. നാരായണൻ: ആഴ്ചയിൽ മൂന്നദിവസം പച്ചരികൊടുക്കുകയാണെങ്കിൽ രണ്ടു ദിവസമെങ്കിലും പുഴുക്കലരി കൊടുക്കരുതെ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: അതിന്നു മറുപടിയായിട്ടാണ് ഞാൻ പറഞ്ഞതു് കൊടുങ്ങല്ലൂരിലേക്ക് allot ചെയ്തിട്ടുള്ള boiled rice കൺട്രാക്ടർ കൊണ്ടുപോകാൻ താമസം നേരിട്ടതിനാലാണ് പച്ചരി അടുപ്പിച്ചു് കൊടുത്തുവരുവാൻ കാരണം. അതിനു് കൺട്രാക്ടരുടെ പേരിൽ നടപടിയെടുത്തിട്ടുണ്ടു്. ഇന്നു് പുഴുക്കലരി കിട്ടുന്നതു് കുറഞ്ഞുപോയിട്ടുണ്ടെങ്കിൽ, നാളെ തീർച്ചയായിട്ടും വീതപ്രകാരമുള്ള പുഴുക്കലരി കിട്ടുന്നതാണു്.

SPECIAL MAGISTRATE'S COURT—EXPENSES INCURRED

52. (318) **Mr. K. W. Muralidhara Marar** *(Trippunithura)*: Will Government be pleased to state.—

(*a*) expenses incurred by the Government in the establishment of Special Magistrate's Court, Ram Mohan Palace, in 1123;

(*b*) number of cases tried in that Court?

Mr. P. Govinda Menon *(Minister for Finance and Law)*:

(*a*) Rs. 4,873—2—8.

(*b*) Three cases.

മിസ്റ്റർ കെ. ഡബ്ലിയു. മുരളീധരമാരാർ: ഈ മൂന്നു കേസ്സുകളും ഏതെല്ലാമാണെന്നു് പറയാമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: രാജ്യദ്രൈതാനസംഭവങ്ങളെ തുടർന്നുണ്ടായ ഒരു കേസ്സും, അതിനോടു് സംബന്ധിച്ചിട്ടുള്ള വേറെ രണ്ടു കേസ്സുകളുമാണു്.

മിസ്റ്റർ കെ. കെ. വിശ്വനാഥൻ: ഇതു് ordinary കേസ്സുകളെപ്പോലെ deal ചെയ്യാതിരിക്കാൻതക്കവിധം ആ കോടതിക്കു് വല്ല കൂടുതൽ അധികാരവുമുണ്ടായിരുന്നുവൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: നമ്മുടെ സാധാരണ കോടതികൾക്കുള്ള അധികാരംതന്നെ ആ കോടതിക്കും ഉണ്ടായിരുന്നു.

മിസ്റ്റർ കെ. കെ. വിശ്വനാഥൻ: എന്നാൽ പിന്നെ പ്രത്യേകമായി ഒരു കോർട്ട് വേണമെന്നുണ്ടായിരുന്നുവൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: പ്രത്യേകം ഒരു കോടതി വേണമെന്നു് ഗവൺമെണ്ടു് തീരുമാനിച്ചു എന്നല്ലാതെ പ്രത്യേകമായിട്ടൊന്നുമുണ്ടായിട്ടല്ല. വളരെ വേഗത്തിൽ ഒരു തീരുമാനമെടുക്കാൻവേണ്ടി ഒരു പ്രത്യേക കോടതിവെച്ചു എന്നേയുള്ളു.

NON-EVICTION OF KUDIKIDAPPUKARS—LEGISLATION FOR

൩൫. (൨൦൩) മിസ്റ്റർ കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്നും സദയം മറുപടി പറയുമോ.—

പറമ്പുടമസ്ഥന്മാർ കുടികിടപ്പുകാരായ സാധുക്കളെ ഒഴിപ്പിക്കാതിരിക്കുന്നതിന്നുള്ള ഒരു നിയമനിർമ്മാണം ഉടനെ വേണമെന്നു ഗവൺമെണ്ടു് ഉദ്ദേശിക്കുന്നുണ്ടൊ?

മിസ്റ്റർ കെ. അയ്യപ്പൻ: ഈ സംഗതി ഗവൺമെണ്ടിന്റെ ആലോചനയിൽ ഇരിക്കുകയാണു്. കുടികിടപ്പുകരെ ഒഴിപ്പിക്കുന്നതിനുള്ള കേസ്സുകൾ നിറുത്തിവെക്കുന്നതിനുള്ള ഒരു വിളംബരം ഇപ്പോൾ നിലവിലുണ്ടു്.

മിസ്റ്റർ കെ. കെ. കണ്ണൻ: ഈ വിളംബരമുണ്ടായതിനുശേഷം നിയമവിരുദ്ധമായിട്ടു് കുടിയിറക്കീട്ടുള്ളതായ ഏതെങ്കിലും സംഭവം ഗവൺമെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടൊ?

മിസ്റ്റർ കെ. അയ്യപ്പൻ: സംഭവങ്ങളുണ്ടായിരിക്കാം. എന്നാൽ ഗവൺമെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടൊ എന്നു് പറയാൻ ഇപ്പോൾ നിവൃത്തിയില്ല.

മിസ്റ്റർ സി. സി. പ്രസാദ്: അതു് ഒന്നന്വേഷിക്കുവാൻ മയവുണ്ടാകുമൊ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. അയ്യപ്പൻ: വേണമെങ്കിൽ അനേഷിക്കാം. എന്നാൽ കുടി ഒഴിപ്പിക്കുന്നതിനുള്ള കേസ്സുകൾ നിവൃത്തിവെയ്ക്കുന്നതിനും വേണ്ടത്തക്ക കല്പനകൾ ഇപ്പോൾ പുറപ്പെടുവിച്ചിട്ടുള്ള സ്ഥിതിക്ക് ഇനി ആവക ആക്ഷേപങ്ങൾ ഉണ്ടാകുമെന്നു തോന്നുന്നില്ല.

മിസ്റ്റർ അലക്സാണ്ടർ പറമ്പിത്തറ: അതുകൊണ്ടു കേസ്സു് ഇല്ലാതിരിക്കാനല്ലെ സാധിക്കുകയുള്ളൂ? കുടിഒഴിപ്പിക്കുവാൻ പാടില്ല എന്നു ഒരു നിയമമുണ്ടാക്കുകയായിരുന്നില്ലെ ഇതിൽ ഭേദം?

മിസ്റ്റർ കെ. അയ്യപ്പൻ: അതിനുമുമ്പു് ഒരു കാര്യംവന്നു. അതായതു് കുടി ഒഴിപ്പിക്കുവാൻ പാടില്ലെന്നുള്ള ഖണ്ഡിതമായ ഒരു നിയമം വെയ്ക്കുകയാണെങ്കിൽ അതിനും ചില വിഷമതകൾ ഉള്ളതായി ഗവണ്മെണ്ടിനു് മനസ്സിലായി. പറമ്പുടമസ്ഥന്മാക്കു് ഒഴിക്കാവുന്ന വിഷമംവരാത്ത വിധത്തിൽ, ആക്കും ബുദ്ധിമുട്ടു വരാതിരിക്കാൻവേണ്ടി ഒരു നിയമനിർമ്മാണം നടത്തണമെന്നു് ഗവണ്മെണ്ടു് ആലോചിച്ചതിന്റെ ഫലമായി കുടി ഒഴിപ്പിക്കാനുള്ള കേസ്സുകൾ എല്ലാം നിറ്ത്തിവെയ്ക്കുവാൻ ഒരു വിളംബരം പുറപ്പെടുവിക്കയാണുണ്ടായതു്. ഇക്കാര്യം ഗവണ്മെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടു്; ഗാഢമായ ആലോചനയിൽ ഇരിക്കുകയാണു്.

മിസ്റ്റർ അലക്സാണ്ടർ പറമ്പിത്തറ: കേസ്സുകൂടാതെതന്നെ ബലമായി ഒഴിപ്പിക്കുന്നുണ്ടു്. അതിനു് നിവ്വാഹമുണ്ടാക്കേണ്ടതില്ലെ?

മിസ്റ്റർ കെ. അയ്യപ്പൻ: ബലം ഉപയോഗിക്കുന്നതിനു് പരിഹാരം വേറെയാണു്.

മിസ്റ്റർ അലക്സാണ്ടർ പറമ്പിത്തറ: സാധാരണ സ്ഥലമുടമസ്ഥന്മാക്കു് നേരിട്ടുചെന്നു് കേസ്സുകൊടുത്തു നിവൃത്തിസമ്പാദിക്കാനൊന്നും സാധിച്ചു എന്നു വരികയില്ല. അവർ ചില ഭീഷണികളും അക്രമങ്ങളുംകൊണ്ടു കുടിയാന്മാരെ അക്രമിച്ചു കഷ്ടപ്പെടുത്തും. വലിയ മുതലാളിമാരുടെ കാര്യം പറയേണ്ടതില്ലല്ലൊ. കുടികിടപ്പുകാരെ മുതലാളിമാരുടെ ഇഷ്ടംപോലെ ഓടിച്ചുകളയാനും പാടില്ല. അവക്കു സൈരമായി ജീവിച്ചുപോരാൻ കഴിവുണ്ടാകണം.

മിസ്റ്റർ കെ. അയ്യപ്പൻ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ വിഷയം മനസ്സിലായി. എന്നാൽ ആക്കും കുടികിടക്കുന്നതിനു് സ്ഥലമില്ലാതെ വരാതിരിക്കത്തക്കവിധവും, പറമ്പുടമസ്ഥന്മാക്കു് ഒഴിക്കാവുന്ന വിഷമം വരാത്ത വിധത്തിലും ഒരു നിയമമുണ്ടാക്കാൻ വേണ്ടിയാണു് ആലോചിക്കുന്നതു്. ബലം ഉപയോഗിച്ചു് ഒഴിപ്പിക്കുന്നു എന്നു പറഞ്ഞു; അതിനുള്ള പരിഹാരം വേറെയും ഉണ്ടു്. അതു് പോലീസിന്റെ സഹായം സമ്പാദിച്ചു് നിവ്വഹിക്കാവുന്നതാണു്.

മിസ്റ്റർ അലക്സാണ്ടർ പറമ്പിത്തറ: പോലീസിന്റെ സഹായം കുടി ഒഴിപ്പിക്കുന്നവക്കായിരിക്കും ലഭിക്കുവാൻ എളുപ്പം!

മിസ്റ്റർ കെ. അയ്യപ്പൻ: എന്നാൽ ബഹുമാനപ്പെട്ട മെമ്പർ അതിനു് ചില നിർദ്ദേശങ്ങൾ തന്നാൽ കൊള്ളാം.

മിസ്റ്റർ അലക്സാണ്ടർ പറമ്പിത്തറ: അങ്ങിനെ ഒരവസരം നേരിടുകയാണെങ്കിൽ ചെയ്യാം.

മിസ്റ്റർ സി. സി. പ്രസാദു്: പുര ഉടമസ്ഥന്മാരുടെയാണെന്നു് വരുത്തുവാൻ വാടക കാണിച്ചു് കൂലിച്ചാത്തു് എഴുതിവാങ്ങി പിന്നീടു് ആ കൂലിച്ചാത്തിന്റെ അടിസ്ഥാനത്തിന്മേൽ കുടിഒഴിപ്പിക്കുവാൻവേണ്ടി കൂലിച്ചാത്തെഴുതിക്കുന്ന ഒരു സമ്പ്രദായമുണ്ടു്. ഇതിനുള്ള ഒരു പരിഹാരത്തെക്കുറിച്ചു് ഗവണ്മെണ്ടു് നടപടികളെടുക്കാമൊ?

മിസ്റ്റർ കെ. അയ്യപ്പൻ: വിളംബരം വന്നിട്ടും അങ്ങിനെ കൂലിച്ചാത്തെഴുതി വാങ്ങുന്ന സമ്പ്രദായം ഉണ്ടായിരുന്നതായി കേൾക്കുന്നുണ്ടു്. വാസ്തവത്തിൽ വാടകയുടെ ആവശ്യത്തിന്നായിരിക്കുകയില്ല. ഇത്തരം ആക്ഷേപങ്ങൾ ഉണ്ടാകാൻ ഇടയുണ്ടെന്നുള്ള സംഗതിയെ മുൻനിറ്ത്തിയും ഗവണ്മെണ്ടു് ഇതിനെക്കുറിച്ചു് ആലോചിച്ചു വേണ്ടതു ചെയ്യാം.

മിസ്റ്റർ ടി. കെ. കുഞ്ഞയ്യപ്പൻ: ഈ ആലോചനയൊന്നു് ത്വരിതപ്പെടുത്താമൊ?

മിസ്റ്റർ ടി. പി. സീതാരാമൻ: കുടികിടപ്പുകാർ പാട്ടവും മിച്ചവാരവും കൊടുക്കാതിരുന്നാൽ ഒഴിപ്പിച്ചുകൂടെ?

മിസ്റ്റർ കെ. അയ്യപ്പൻ: ഇതു കുടികിടപ്പുകാരെ സംബന്ധിക്കുന്ന കാര്യമാണെന്നു തോന്നുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. കെ. പോറ്റി: ഗവണ്മെണ്ടുസ്ഥലത്തു് കുടികിടക്കുന്നവരെ പോലീസിനെ പറഞ്ഞയച്ചു് ഒഴിപ്പിക്കാതിരിക്കാമോ?

മിസ്റ്റർ കെ. അയ്യപ്പൻ: പുറമ്പോക്കു സ്ഥലങ്ങളിൽ കുടിയേറിപ്പാർത്തിട്ടുള്ള പലരേയും ഒഴിപ്പിക്കാതെയിരിക്കുന്നുണ്ടു്. ഒഴിപ്പിക്കുന്നതു കഷ്ടമായിരിക്കും എന്ന വിചാരം ഗവണ്മെണ്ടിനുമുണ്ടു്. അതുപോലെതന്നെ ആളുകൾക്കും ഒരു സന്മനസ്സുണ്ടായിരിക്കേണ്ടതാണു്. അതുകൂടാതെ ഗവണ്മെണ്ടു് എടുത്തിട്ടുള്ള നയം എളുതരപ്പെട്ടുത്തി ആളുകൾ പുറമ്പോക്കായി കിടക്കുന്ന എല്ലാ സ്ഥലത്തും കുടിയേറിത്താമസിക്കുവാൻ പോകുകയാണെങ്കിൽ അതു ഗവണ്മെണ്ടിനു് അനുവദിക്കാൻ നിവൃത്തിയില്ല. ബലമായി കുടിയൊഴിപ്പിക്കുന്ന കാര്യത്തിൽ കഴിയുന്ന പരിഹാരം ഉണ്ടാക്കുവാൻ നോക്കാം.

മിസ്റ്റർ സെബാസ്റ്റ്യൻ തോപ്പിൽ: കുടി ഒഴിപ്പിക്കുന്നതിനുള്ള കേസുകൾ, നിയമനിർമ്മാണംവരെ നിർത്തിവെക്കുവാൻ വിളംബരംമൂലം കല്പന പുറപ്പെടുവിച്ചുകൂടെന്നു പറഞ്ഞുവല്ലൊ. എന്നാൽ അതുവരെ കുടി ഒഴിപ്പിക്കാൻ പാടില്ല എന്നൊരു കല്പന പുറപ്പെടുവിക്കരുതോ?

മിസ്റ്റർ സി. സി. പ്രസാദ്: കുടികിടപ്പുകാർക്കു് സ്ഥിരാവകാശം കൊടുക്കുവാൻ ബഹുമാനപ്പെട്ട ഗവണ്മെണ്ടിനു് ഭയവുണ്ടാകുമോ?

മിസ്റ്റർ ഗാസ്റ്റർ ഡിസിൽവ: കുടിച്ചാർത്തു കൊടുക്കുന്ന കാര്യത്തിൽ കുടികിടപ്പുകാരെ നിർബ്ബന്ധിച്ചു വാങ്ങുകയാണു ചെയ്യുന്നതു്. എന്നാൽ കുടിച്ചാർത്തു് എഴുതുന്ന സമയം യാതൊരു കാരണവശാലും ഒഴിപ്പിക്കയില്ല എന്ന നിശ്ചയത്തിന്മേൽ കുടിച്ചാർത്തു് എഴുതുവാനേ പാടുള്ളു എന്നതു് നിയമത്തിൽ കൊണ്ടുവരുമോ?

മിസ്റ്റർ കെ. അയ്യപ്പൻ: ബഹുമാനപ്പെട്ട മെമ്പർമാർ നിർദ്ദേശിച്ച സംഗതിയെക്കുറിച്ചു് ആലോചിക്കാം.

PUBLIC SERVICE COMMISSION—INFORMATION REGARDING

54. (133) Mr. P. K. Krishnankutty Menon *(Vellarapilly)*: Will Government be pleased to state.—

(*a*) when was the Public Service Commission constituted in our State ;

(*b*) what is the annual expenditure incurred by the Government for the proper functioning of the Commission ;

(*c*) whether all the rules contemplated by the Government of Cochin Act for the proper functioning of the Commission have been framed by the Government, and if not, the reasons for its delay ;

(*d*) the authority by whom recruitment to public services of the State was made before the constitution of the Public Service Commission ;

(*e*) what are the additional functions assigned to the Public Service Commission other than recruitment to Public Services of the State ;

(*f*) which are the services to which recruitments are made by the Commission?

Mr. C. A. Ouseph *(Minister for Education and Public Health)* :

(*a*) In Chingam 1123.

(*b*) An expenditure of Rs. 31,646—10—6 was incurred in the year 1123.

(*c*) No. The draft rules framed for the working of the Public Service Commission are being examined by Government.

(*d*) Appointments to the Lower Division were made by Government on the recommendation of the Staff Selection Board and the rest by Government themselves.

(*e*) Please see Appendix.

(*f*) Pending the framing of the rules, all posts in superior service the initial salary of which is below Rs. 100.

മിസ്റ്റർ പി. കെ. ഡീവർ: അവരോടു ചോദിക്കാതെ നടത്തിയിട്ടുള്ള എതു നിയമനങ്ങളുണ്ടു്?

മിസ്റ്റർ സി. എ. ഔസേപ്പു്: നോട്ടീസു് വേണം.

REDUCTION OF RICE RATION—NEWS REPORT REGARDING

55. (7) Mr. C. V. Iyyu *(Kunnamkulam)*: Will Government be pleased to state.—

(*a*) whether there is any truth in the press reports that the rice ration is going to be reduced by 2 oz. very soon ;

LIBRARY ARCHIVES Kerala Legislative Assembly